(ജി) വ്യാവസായിക മലിനീകരണം കേരളത്തിലെ നദികളിൽ പെരിയാറിന്റെ താഴ് ഭാഗമൊഴികെ മറ്റ് നദികളെ സാരമായി ബാധിക്കുന്നില്ല എന്നാണ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തുന്ന പഠനങ്ങൾ വെളിവാക്കുന്നത്. പെരിയാറിന്റെ ഏലൂരിന് താഴെയുള്ള പ്രദേശം മാത്രമാണ് വ്യാവസായിക മാലിന്യങ്ങൾ കൊണ്ട് പ്രത്യേകിച്ച് വേനൽക്കാലത്ത് ജല മലിനീകരണം ഉള്ളതായി കണ്ടിട്ടുള്ളത്.

(എച്ച്) വ്യാവസായിക മലിനീകരണ നിയന്ത്രണത്തിനുള്ള ഫലപ്രദമായ നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കൈക്കൊണ്ടിട്ടുണ്ട്. ബോർഡിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കൂട്ടാക്കാത്ത വ്യവസായ ശാലകൾക്കെതിരെ വേണ്ട ശിക്ഷണ നടപടികൾ ടി ബോർഡ് കൈക്കൊണ്ടുവരുന്നു. വ്യവസായശാല അടച്ചു പൂട്ടാനുള്ള ഉത്തരവ്, വ്യവസായ ശാലകൾക്ക് നൽകുന്ന ജലം, വൈദ്യുതി ഇവ വിച്ഛേദിക്കാനുള്ള ഉത്തരവ് തുടങ്ങിയ ശിക്ഷണ നടപടികൾ കൈക്കൊണ്ടുവരുന്നു. നിയമം അനുശാസിക്കുന്ന നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കൈക്കൊള്ളുന്നതിനാൽ നിർദ്ദേശം കൊടുക്കേണ്ട സാഹചര്യം നിലവിലില്ല.

(ഐ) അപകടകാരികളായ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനും വ്യവസായ ശാലകളിൽ ഉണ്ടാകുന്ന അപകടങ്ങൾമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ സാമ്പത്തിക സഹായത്തിനുമുള്ള നിബന്ധനകൾ പബ്ലിക് ലയബിലിറ്റി ഇൻഷ്വറൻസ് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ജിം മുഖേന ആരംഭിച്ച വ്യവസായങ്ങൾ

3 [2040] ശ്രീ. ജോണി നെല്ലൂർ :

,, ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജിം-ൽ കരാർ ഒപ്പിട്ടവരോ പങ്കെടുത്തവരോ ആയ എത്ര വ്യവസായികൾ കഴിഞ്ഞ കലണ്ടർ വർഷത്തിൽ (2004) സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വ്യവസായികൾ ആരെല്ലാം ; ആരംഭിച്ച വ്യവസായം, മുതൽമുടക്ക്, ഇതുമൂലം തൊഴിൽ ലഭിച്ചവരുടെ എണ്ണം മുതലായവ എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

[(എ) യും (ബി) യും] ജിം മുഖേന അഞ്ച് സംരംഭങ്ങൾ 2004-ൽ ആരംഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. (†)

(†) അനുബന്ധം I കാണുക.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[9-3-2005-ലെ 3 (2040)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

ജിം മുഖേന 2004-ൽ ആരംഭിച്ച വ്യവസായ സംരംഭങ്ങൾ

കെ. എസ്. ഐ. ഡി. സി. യുമായി ബന്ധപ്പെട്ടവ

ക്രമ നമ്പർ	പ്രോജക്ട്	വ്യവസായി	മുതൽ മുടക്ക് (കോടി രൂപ)	തൊഴിൽ (എണ്ണം)
	പോബ്സ് സാൻഡ് മാനുഫാക്ടറിംഗ് യൂണിറ്റ്	എബ്രഹാം ജേക്കബ്	10	100
2	വെഡ്ഡിംഗ് സെന്റർ, തിരുവല്ല, അങ്കമാലി	ജോയി ആലുക്കാസ്	80	170

കിൻഫ്രയുമായി ബന്ധപ്പെട്ടവ

ക്രമ നമ്പർ	പ്രോജക്ട്	വ്യവസായി	മുതൽ മുടക്ക് (കോടി രൂപ)	തൊഴിൽ (എണ്ണം)
1	അനന്തപുരി അപ്പാരൽ സർവ്വീസസ്, തിരുവനന്തപുരം	ആലുവിൻ ചെല്ലപ്പൻ	2	500
2	അഡ്വാൻസ്ഡ് ടെക്നോളജി പ്രൈ. ലി.	പ്രഭാകരൻ	2.5	150
3	സീബ്രാ ലാബ് പ്രൈ. ലി. എറണാകുളം	ജിജി മാണിക്കത്ത്	1.2	40

LIBRARY ARCHIVES Kerala Legislative Assembly